**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1320** **07-10-2021 - ൽ മറുപടിയ്ക്ക്**

**കോവിഡ് മഹാമാരിക്ക് ശേഷം സ്കൂളുകൾ തുറക്കുന്നത്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ.കെ. അക്ബർ | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് മഹാമാരിക്ക് ശേഷം സ്കൂളുകൾ തുറക്കുന്നതിനു മുന്നോടിയായി സർക്കാർ നടത്തുന്ന വിപുലമായ പദ്ധതികളുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ; | (എ) | സ്കൂൾ തുറക്കുന്നതിന് മുന്നോടിയായി വിദ്യാഭ്യാസ വകുപ്പിലെ ക്യു.ഐ.പി. മോണിറ്ററിംഗ് കമ്മിറ്റി, അംഗീകൃത അദ്ധ്യാപക സംഘടനകൾ, യുവജന സംഘടനകൾ, വിദ്യാർത്ഥി സംഘടനകൾ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്/മേയർമാർ, ട്രേഡ് യൂണിയൻ സംഘടനകൾ, ജില്ലാ കളക്ടർമാർ, വിദ്യാഭ്യാസ ഓഫീസർമാർ എന്നിവരുടെ യോഗം ചേർന്ന് സ്കൂൾ തുറക്കുന്നതുമായി ബന്ധപ്പെട്ട് തയ്യാറാക്കുന്ന മാർഗ്ഗരേഖയിന്മേൽ അഭിപ്രായങ്ങളും, നിർദ്ദേശങ്ങളും ആരാഞ്ഞിരുന്നു. അപ്രകാരം ലഭിച്ച അഭിപ്രായങ്ങളുടെയും, നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ തയ്യാറാക്കിയ കരട് മാർഗ്ഗരേഖ സർക്കാർ പരിശോധിച്ച് വരുന്നു. കൂടാതെ സ്കൂൾ തുറക്കുന്നതിന് മുന്നോടിയായി സ്കൂളും പരിസരവും വൃത്തിയാക്കുന്നതിനും അണുനശീകരണം നടത്തുന്നതിനും വിവിധ വകുപ്പുകൾ പി.ടി.എ./ എസ്.എം.സി., യുവജന സംഘടനകൾ, അദ്ധ്യാപക സംഘടനകൾ തുടങ്ങിയവരുടെയെല്ലാം സഹകരണ ത്തോടെയുള്ള പ്രവർത്തനങ്ങൾക്ക് രൂപം നൽകിയിട്ടുണ്ട്. വിവിധ വകുപ്പുകളുമായി (ആരോഗ്യം, ഗതാഗതം, തദ്ദേശ സ്വയംഭരണം) മന്ത്രിതല ചർച്ചകൾ പൂർത്തിയാക്കി സ്കൂൾ തുറക്കുന്നതുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ സ്കൂൾ തുറക്കുന്നതുമായി ബന്ധപ്പെട്ട് മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ട്മെന്റും മാർഗ്ഗരേഖ പുറത്തിറക്കിയിട്ടുണ്ട്. |
| (ബി) | സ്കൂൾ വാഹനങ്ങൾക്ക് പ്രത്യേക മാർഗരേഖ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ? | (ബി) | മാർഗ്ഗരേഖ തയ്യാറാക്കിയിട്ടുണ്ട്. സ്കൂൾ വാഹനങ്ങൾക്ക് ആവശ്യമായ സുരക്ഷാ പരിശോധനയും ഫിറ്റ്നസ് പരിശോധനയും പൂർത്തിയാക്കി ട്രയൽ റൺ നടത്തിയതിനു ശേഷം മാത്രമേ കുട്ടികളെ കൊണ്ടു വരുവാൻ ഉപയോഗിക്കുകയുള്ളൂ എന്ന് സ്കൂൾ അധികൃതർ ഉറപ്പ |

| | | | |
|---|---|---|---|
| | | | വരുത്തും. സ്കൂൾ വാഹന ഡ്രൈവർമാർക്കും അറ്റൻഡർമാർക്കും സുരക്ഷാ ഉദ്യോഗസ്ഥരായി നിയോഗിച്ചിട്ടുള്ള അദ്ധ്യാപകർക്കും സ്കൂളിൽ നിന്ന് കുട്ടികളെ കൊണ്ടുവരുന്ന മറ്റ് വാഹനങ്ങളിലെ ഡ്രൈവർമാർക്കും മോട്ടോർ വാഹന വകുപ്പിന്റെ സഹായത്തോടെ ഓൺലൈൻ പരിശീലനം ലഭ്യമാക്കും. ഒക്ടോബർ 20-നകം മോട്ടാർ വെഹിക്കിൾ ഇൻസ്പെക്ടർമാർ നേരിട്ട് സ്കൂളിലെത്തി വാഹനങ്ങൾ പരിശോധിച്ച് ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. സേഫ് കേരള ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി എല്ലാ താലൂക്കിലെയും വിദ്യാഭ്യാസ സ്ഥാപനങ്ങൾ സന്ദർശിച്ച് വാഹനങ്ങളുടെ യാന്ത്രിക ക്ഷമത പരിശോധിക്കുകയും കുട്ടികളുടെ യാത്രയുമായി ബന്ധപ്പെട്ട് ആവശ്യമായ മറ്റു ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ